# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2255 11.02.2020-ൽ മറുപടിക്ക്

## തൃപ്പൂണിത്തുറ ഹിൽപാലസ് മ്യൂസിയം

**ചോദ്യം**

ശ്രീ.എം.സ്വരാജ്

**ഉത്തരം**

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു.തുറമുഖവും മ്യൂസിയവും
പുരാവസ്തു സംരക്ഷണവും, പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | തൃപ്പൂണിത്തുറ ഹിൽപാലസ് മ്യൂസിയത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഏതെങ്കിലും പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ ; വിശദാംശം അറിയിക്കാമോ ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം തൃപ്പൂണിത്തുറ ഹിൽപ്പാലസ് മ്യൂസിയത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ/പദ്ധതികൾ താഴെ ചേർക്കുന്നു.<br><br>1. ഹിൽപ്പാലസ് മ്യൂസിയത്തിന്റെ സമഗ്ര സംരക്ഷണ പ്രവൃത്തികൾ ചെയ്യുന്നതിന് 2017-18 സാമ്പത്തിക വർഷത്തിൽ 60 ലക്ഷം രൂപ അനുവദിച്ചിരുന്നു. പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>2. ഹിൽപാലസ് മ്യൂസിയത്തിന്റെ മുല്ലപ്പന്തലിന്റെ സംരക്ഷണ പ്രവൃത്തികൾക്കും ക്യാമ്പസിന്റെ വടക്കേ ഭാഗത്തെ ജീർണ്ണിച്ച കെട്ടിടങ്ങളുടെ സംരക്ഷണ ത്തിനുമായി 2017-18 സാമ്പത്തിക വർഷത്തിൽ 57 ലക്ഷം രൂപ അനുവദിച്ചിരുന്നു. പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട് .<br><br>3. ഹിൽപാലസ് മ്യൂസിയത്തിലെ എട്ടുകെട്ട്, കുളപ്പുരമാളിക, കുളങ്ങൾ എന്നിവയുടെ സംരക്ഷണ പ്രവൃത്തികൾക്കായി 2017-18 സാമ്പത്തിക വർഷത്തിൽ 42 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട് .<br><br>4. ഹിൽപാലസ് മ്യൂസിയം വളപ്പിൽ സ്ഥിതി ചെയ്യുന്ന മാൻപാർക്കിന്റെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനായി 33.50 ലക്ഷം രൂപ അനുവദിച്ചിരുന്നു. പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>5. ഹിൽപാലസിലെ വിളമ്പുപുര, ചെറിയ ഊട്ടുപുര, അനുബന്ധ കെട്ടിടങ്ങൾ എന്നിവയുടെ സംരക്ഷണ പ്രവൃത്തികൾ ചെയ്യുന്നതിന് 2019-20 സാമ്പത്തിക വർഷത്തിൽ 65 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.<br><br>6. 2018-19 സാമ്പത്തിക വർഷത്തിൽ അനുവദിച്ച 1,00,67,500/- രൂപ വിനിയോഗിച്ച് ഹിൽപാലസ് മ്യൂസിയം വളപ്പിൽ LED Mini Mast Lighting System സ്ഥാപിച്ചു |

| | | | |
|---|---|---|---|
| | | | 7. സുരക്ഷയുടെ ഭാഗമായി ഹിൽപ്പാലസ് മ്യൂസിയത്തിൽ വയർലെസ് കമ്മ്യൂണിക്കേഷൻ സിസ്റ്റം ഏർപ്പെടുത്തി. ഇതിലേക്കായി 7,63,467/- രൂപ ചെലവഴിച്ചു.<br><br>8. ഹിൽപാലസ് മ്യൂസിയത്തിൽ സൂക്ഷിക്കുന്ന പുരാവസ്തുക്കളുടെ വിവരങ്ങൾ ഉൾപ്പെടുത്തി digital data base നിർമ്മാണത്തിന്റെ ഒന്നാംഘട്ടം പൂർത്തിയാക്കി. ഇതിനായി 14,00,000/- രൂപ ചെലവഴിച്ചു.<br><br>9. ഹിൽപാലസ് മ്യൂസിയത്തെ കുറിച്ചുള്ള സിഗ്നേച്ചർ വീഡിയോ തയ്യാറാക്കി. ഇതിനായി 8,00,000/- രൂപ ചെലവഴിച്ചു.<br><br>10. മ്യൂസിയത്തിന്റെ ദൈനംദിന നടത്തിപ്പിനായി മ്യൂസിയം ഗൈഡ് സർവീസ് പ്രോജക്ടിന്റെ ഭാഗമായി മ്യൂസിയം ഗൈഡുകളെ നിയോഗിച്ചു വരുന്നു.<br><br>11. ഹിൽപ്പാലസിലെ സ്മാരകങ്ങളുടെ രാസ സംരക്ഷണ പ്രവർത്തനങ്ങൾക്കായി 59,150/-രൂപ ചെലവഴിച്ചു.<br><br>മേൽപ്പറഞ്ഞവ കൂടാതെ കേന്ദ്ര ധനസഹായത്തോടെ ഹിൽപ്പാലസ് മ്യൂസിയത്തിൽ പുന:സജ്ജീകരണ പ്രവൃത്തികൾ നടന്നുവരികയാണ്. അതിന്റെ ഭാഗമായി ഗ്യാലറികൾ സജ്ജീകരിക്കുന്നതിനായി 1,12,03,640/- രൂപയുടെ പ്രവർത്തികൾ നിർവ്വഹിക്കുന്നതിനായി സർക്കാർ നോഡൽ ഏജൻസിയായ ഇന്ററാക്ടീവ് മ്യൂസിയം ഓഫ് കൾച്ചറൽ ഹിസ്റ്ററിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി സി.സി.ടി.വി. സിസ്റ്റം ഏർപ്പെടുത്തുകയും സന്ദർശക സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി ക്ലോക്ക് റൂം സജ്ജീകരിക്കുകയും ശുചിമുറികൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | കൂടുതൽ പദ്ധതികൾ ഇവിടെ നടപ്പാക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ ; വിശദാംശം അറിയിക്കാമോ ? | (ബി) | മ്യൂസിയം സജ്ജീകരണം ഉൾപ്പെടെ ആരംഭിച്ച പദ്ധതികൾ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. പുതിയ പദ്ധതികൾ നടപ്പിലാക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**